D.No. 10969/26

**ജില്ലാ കോടതി, എറണാകുളം**

നമ്പർ ജെ.എസ് 2- 13758/2026 തീയ്യതി :06.10.2026

**വിജ്ഞാപനം**

വിഷയം : എറണാകുളം ജില്ലയിലെ ആലുവ കുടുംബ കോടതിയിലെ സീനിയർ ക്ലാർക്ക് തസ്തികകയിലുള്ള ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ നീതിന്യായ വകുപ്പിൽ നിന്നും വിരമിച്ച അർഹരും സന്നദ്ധരുമായ വ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. GO(Rt) No.65/2020/SJD dated 06.02.2020
2. GO(Rt) No.73/2020/SJD dated 12.02.2020
3. ബഹു:ഹൈക്കോടതിയുടെ 18 .02 .2020 തീയതിയിലെ D7A(1)-56450/2019-D1 നമ്പർ ഒഫീഷ്യൽ മെമ്മോറാണ്ടം
4. ബഹു:ഹൈക്കോടതിയുടെ 24 .02.2020 തീയതിയിലെ D7A(1)-56450/2019 നമ്പർ ഒഫീഷ്യൽ മെമ്മോറാണ്ടം
5. G.O.(P)No. 24/2026/Fin dated 18.02.2026
6. ബഹുമാനപ്പെട്ട ജില്ലാജഡ്ജിയുടെ 26.09.2026 & 06.10.2026 എന്നീ തീയതികളിലെ ഉത്തരവ് .

എറണാകുളം ജില്ലയിലെ ആലുവ കുടുംബ കോടതിയിലെ സീനിയർ ക്ലാർക്ക് തസ്തികകയിലുള്ള ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനു വേണ്ടി, കോടതികളിൽ നിന്നും സമാനമായതോ ഉയർന്നതോ ആയ തസ്തികയിൽനിന്നും വിരമിച്ച അർഹരും സന്നദ്ധരുമായ വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു .

**വകുപ്പ് : നീതിന്യായം (സിവിൽ )**

| നം : | തസ്തിക | ഒഴിവുകള്ളടെ എണ്ണം | മാസ സഞ്ചിത ശമ്പളം GO(P) No.24/2026/Fin dated 18.02.2026 | യോഗ്യത |
|---|---|---|---|---|
| 1 | സീനിയർ ക്ലാർക്ക് | 2 | ₹ 23,360/- | പി.എസ്സ് .സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ |

**നിബന്ധനകൾ :**

1. തിരഞ്ഞെടുക്കപ്പെടുന്നവരുടെ കരാർ നിയമനം തുടർച്ചയായ 179 ദിവസത്തേക്ക് മാത്രമായിരിക്കും.
2. അപേക്ഷകർ സമാനമായതോ ഉയർന്നതോ ആയ തസ്തികയിൽനിന്നും വിരമിച്ച കോടതി ജീവനക്കാർ ആയിരിക്കണം.

3. 62 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല. 62 വയസ്സ് ആകുന്ന മുറക്ക് സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതായിരിക്കും .
4. സർക്കാരിനുവേണ്ടി ജില്ലാജഡ്ജിയും നിയമിക്കപ്പെടുന്ന വ്യക്തിയും തമ്മിൽ ഒരു കരാർ സമ്മതപത്രത്തിൽ ഏർപ്പെടേണ്ടതാണ് .

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി :22.10.2026**

യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ അപേക്ഷകൾ, വയസ്സ്, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപെടുത്തിയ പകർപ്പുകൾ സഹിതം, ജില്ലാ ജഡ്ജ്, ജില്ലാകോടതി, എറണാകുളം -682011 എന്ന വിലാസത്തിലേക്ക് 22.10.2026 വൈകുന്നേരം 5 മണിവരെ നേരിട്ടും തപാലിലും സമർപ്പിക്കാവുന്നതാണ്. കവറിനു മുകളിൽ അപേക്ഷിക്കുന്ന തസ്തികയുടെ പേരും കോടതിയുടെ പേരും കാണിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**Sd/-**
**ജില്ലാ ജഡ്ജി ,**
**എറണാകുളം**

To

The S.T.A.T, Ernakulam
The Special Judge, Idamalayar Investigations, Ernakulam
The VI Addl. District Court, Ernakulam
The Special Judge (SPE/CBI) -I , II & III, Ernakulam
The Addl. District Judges - VII & VIII, Ernakulam
The Judges, Family Court, Ernakulam, N. Paravur, Aluva & Muvattupuzha
The Addl. District Judge, N.Paravur.
The Addl. District Judge II, N. Paravur
The Addl. District & Sessions Judge (for the trial of cases relating to atrocities and sexual violence against women and children), Ernakulam.
The Special Judge, Special Court for the trial of offences under SC/ST (PoA) Act, Ernakulam
The M.A.C.Ts, Ernakulam, Muvattupuzha & Perumbavoor
The Spl. Judge, Addl. Special Court for trial of POCSO Act cases, Muvattupuzha
The Spl. Judge, Fast Track Special Court, N. Paravur, Aluva & Perumbavoor
The Chief Judicial Magistrate Court, Ernakulam(CJM is directed to circulate all courts under its control)
The Prl. Sub Judges, Ernakulam & N. Paravur
The Sub Judges, Kochi, Muvattupuzha & Perumbavoor
The Prl. Munsiff's, Ernakulam & Kochi
The Munsiffs, N. Paravur, Aluva, Muvattupuzha, Perumbavoor, Kothamangalam & Kolenchery
The Gram Nyayalayas, Vadavucode & Chendamangalam
Notice Board, District court, Ernakulam
The Official Receiver's, Ernakulam & N. Paravur
The file.

//True copy// By Order

SHERISTADAR

## അപേക്ഷ തയ്യാറേക്കേണ്ട മാതൃക

............................................................തസ്തികയിലേക്കുള്ള അപേക്ഷ

ഫോട്ടോ

| | | | |
|---|---|---|---|
| 1 | പേര് | : | |
| 2. | വയസ്സ്, ജനന തീയതി | : | |
| 3. | പെൻഷൻ പേയ്മെന്റ് ഓർഡർ നമ്പറും, അടിസ്ഥാന പെൻഷൻ | : | |
| 4. | വിരമിച്ച തീയതി | : | |
| 5. | വിരമിച്ചതസ്തികയുടെപേരും ഓഫീസ് വിലാസവും | : | |
| 6. | പൂർത്തിയാക്കിയ സേവന കാലം | : | |
| 7. | സ്ഥിരമായ മേൽവിലാസം | : | |
| 8. | ഇപ്പോഴത്തെ മേൽവിലാസം | : | |
| 9. | മൊബൈൽ നമ്പർ | : | |

ഞാൻ ............................, മേൽ വിവരിച്ചിട്ടുള്ള കാര്യങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും പൂർണമായും ശരിയും സത്യവുമാണ് .

സ്ഥലം :

**തീയതി :** **ഒപ്പ്**